# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ഗവ.എൽ.പി. എസ് പഴയേരൂർ

# സ്കൂളിന്റെ അവസ്ഥാ വിശകലനം

## 2025-26

| വിഭാഗം | B | G | TOTAL |
|---|---|---|---|
| പ്രീ പ്രൈമറി | 9 | 8 | 17 |
| I | 6 | 4 | 10 |
| II | 7 | 4 | 11 |
| III | 6 | 7 | 13 |
| IV | 10 | 8 | 18 |

## ജീവനക്കാരുടെ വിവരം

| | |
|---|---|
| സ്വപ്ന ദാസ് | ഹെഡ്മിസ്ട്രസ് |
| രാജി മോഹനൻ | സീനിയർ അസിസ്റ്റന്റ് |
| ആബിദ. കെ. എസ് | എൽ. പി. എസ്. ടി |
| ശശിലേഖ ആർ. എസ് | പി. ടി. സി. എം |
| സുജിത വൈ സുകു | എൽ. പി. എസ്. ടി. |
| | |
| | |
| | |
| | |

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി മുഴുവൻ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളും ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയുള്ള ആസൂത്രണ പദ്ധതികളാണ് ഏറ്റെടുത്ത് നടത്തേണ്ടത്. ഇതിലേക്ക് നയിക്കുന്ന തരത്തിൽ ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായിക്കുന്ന കർമ്മ പദ്ധതികൾ ഉൾക്കൊള്ളുന്നതായിരിക്കണം വിദ്യാലയ വികസന പദ്ധതികൾ.

അധ്യാപകർ വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യ -രാഷ്ട്രീയ- സാംസ്കാരിക-സന്നദ്ധസംഘടനാ പ്രവർത്തകർ, വിവിധ സർക്കാർ-സർക്കാർ ഇതര ഏജൻസികൾ എന്നിവരുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാൻ സാധിക്കൂ. ഓരോ പൊതുവിദ്യാലയവും തങ്ങളുടെ പ്രദേശത്തുള്ള എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും പ്രാപ്യവും സ്വീകാര്യവുമായി മാറേണ്ടതുണ്ട്. അതുകൊണ്ട് നമ്മുടെ സ്കൂളിൽ എത്തിച്ചരുന്ന മുഴുവൻ വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്ത മേഘലകളുടെയും വികാസം ലക്ഷ്യമിട്ടുകൊണ്ട് അതിനാവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കേണ്ടതുണ്ട്.

# ചരിത്രം

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ ഏരൂർ ഗ്രാമപഞ്ചായത്തിന്റെ കിഴക്കേ അറ്റത്തായി ഗവ.എൽ.പി.സ്കൂൾ പഴയേരൂർ നിലകൊള്ളുന്നു. 1948- ൽ ശ്രീ. പി. നാരായണ പിള്ള അവർകൾ നൽകിയ 25 സെന്റ് സ്ഥലത്ത് സ്കുൾ പ്രവർത്തനം ആരംഭിച്ചു. 69 വർഷം പിന്നിടുന്ന ഈ സ്കൂളിന് മഹത്തായ പാരമ്പര്യമാണുള്ളത്. സ്കൂളിന് ലഭിച്ച സ്ഥലത്ത് കെട്ടിട സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഭാരതീപുരം അവധൂത് ആശ്രമത്തിലാണ് ആദ്യവർഷങ്ങളിൽ പഠനം നടന്നത്. ശ്രീ മാതുപിള്ള സാറായിരുന്നു. ആദ്യ വർഷങ്ങളിലെ പ്രധാനാധ്യാപകൻ.

അഞ്ചൽ - കുളത്തൂപ്പുഴ റോഡ് സൈഡിൽ ഭാരതീപുരം ജംഗ്ഷന് 100 മീറ്ററിന് മുമ്പായി ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളിൽ അനേകം ആളുകൾ സർക്കാർ, സർക്കാർ - ഇതര മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ രാഷ്ട്രീയ - സാമൂഹ്യ സാംസ്ക്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന ധാരാളം വ്യക്തിത്വങ്ങൾ ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളാണ്.

SRG - മാസത്തിൽ രണ്ടു പ്രാവശ്യം എസ്. ആർ. ജി കൂടി പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാറുണ്ട്.

PTA - മാസത്തിൽ ഒന്നുവീതം

MPTA - മാസത്തിൽ ഒന്നുവീതം

SMC - 1

സ്കൂൾ വികസന സമിതി

പൂർവ്വ വിദ്യാർത്ഥിസംഘടന

റിട്ടയേർഡ് അധ്യാപക കൂട്ടായ്മ.

## ക്ലബ് പ്രവർത്തനങ്ങൾ

ഗണിത ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, കാർഷിക ക്ലബ്ബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, പ്രവൃത്തി പരിചയ ക്ലബ്ബ് , ഹരിതസേന തുടങ്ങിയവ ദിനാചരണങ്ങളുമായും, മേളകളുമായും ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ലൈബ്രറി

എല്ലാ ആഴ്ചയും കുട്ടികൾക്ക് പുസ്തകങ്ങൾ വായനയ്ക്കായി നൽകുകയും വീട്ടിൽ കൊണ്ടുപോയി വായിച്ച് വായനാകുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നുണ്ട്. എല്ലാ ക്ലാസ്സുകളിലും വായനമൂലകൾ സജ്ജീകരിച്ചിട്ടുണ്ട്.

ക്ലാസ് : ഒന്ന്

# ഉള്ളടക്കം

ആമുഖം

മലയാളം പ്ലാൻ

പ്രവർത്തന കലണ്ടർ

പാഠരങ്ങ്

സംയുക്ത ഡയറി

റീഡേഴ്സ് തിയേറ്റർ

വായനോത്സവം

രചനോത്സവം

ശില്പശാല

വിലയിരുത്തൽ

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണകാലം. |
|---|---|---|
| 1 | പാഠരങ്ങ് | ജൂൺ - മാർച്ച് |
| 2. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3. | വായനോത്സവം. | ജൂൺ - മാർച്ച് |
| 4 | കഥോത്സവം. | ഡിസംബർ - മാർച്ച് |
| 5. | നിർമ്മാണ ശില്പശാല. | ആഗസ്റ്റ് |
| 6. | രചനോത്സവം. | ജനുവരി- മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ - മാർച്ച് |

## പ്രവർത്തന ഘട്ടങ്ങൾ

**ജൂൺ**

ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ (ഓരോരുത്തരുടെ നിലവാരത്തിന് യോജിച്ചവ ചിത്രങ്ങൾ കൂടുതലുള്ള എഴുത്ത് കുറവുള്ളതും തിരഞ്ഞെടുക്കുക)

**ജൂലൈ**

→ കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ

→ പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.

→ അമ്മ വായിച്ച കഥ ക്ലാസ്സിൽ പറയുന്നു.

→ വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു. പേര് എഴുതുന്നു.

**ആഗസ്റ്റ് - നവംബർ**

→ കഥാ പുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ പറയുന്നു. (ഊഹിച്ച്).

→ അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.

→ അമ്മ ഓരോ പേജായി ചിത്രങ്ങൾ ചേർത്ത് ഓരോ വാക്യത്തിന് ചുവട്ടിലൂടെയും വിരൽ ഓടിച്ച് വായിക്കുന്നു. കുട്ടി കേൾക്കുന്നു.

→ രണ്ട്, മൂന്ന് തവണ അമ്മ വായിക്കുന്നു.

Date : Expt : Page No.: 10

→ ആശയ ചോർച്ച ഇല്ലാതെ കുട്ടികൾ കഥ അവതരിപ്പിക്കുന്നു. ആശയ ചോർച്ച ഉണ്ടാവാതിരിക്കാൻ അമ്മ കുട്ടി പറഞ്ഞതിനുശേഷം ഇടപെടണം.

→ ക്ലാസ് പി.ടി.എ യിൽ കഥ അവതരണം.

ഡിസംബർ / ഫെബ്രുവരി

→ പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു. അമ്മയുടെ സഹായത്തോടെ വായിക്കുന്നു.

→ രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു. (കഥ കുറച്ചുഭാഗം ഓർമ്മിച്ചുകൊണ്ട്)

→ കഥയുടെ ആശയം കുട്ടി തന്നെ വായിച്ചുപറയുന്നു.

→ ക്ലാസ് പിടി.എയിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.

→ പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ ലഭ്യമാക്കിയിട്ടുള്ള രചനകൾ വായിക്കാൻ.

മാർച്ച്.

→ കഥോത്സവം (വായനയുടെ മൂന്നാം ഘട്ടം)

→ രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടികൾ അവ ക്ലാസ്സിൽ പങ്കിടുന്ന പ്രവർത്തനം.

→ ക്ലാസ് പിടിഎയിൽ പുസ്തക വായന

പുസ്തകാവതരണം എന്നിവ നടത്തുന്നു.

ഏപ്രിൽ / മേയ്

→ വായനയ്ക്ക് അവധിയില്ല എന്നതിലൂടെ അവധി കാലത്ത് കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു.

→ വീഡിയോ പങ്കിടൽ

→ പുസ്തകത്തെ പരിചയപ്പെടുത്തൽ

→ വായിച്ച പുസ്തകത്തിന്റെ ഉള്ളടക്കം ചിത്രകഥാ രൂപത്തിലാക്കൽ.

→ രംഗങ്ങൾ ചിത്രീകരിച്ച് സംഭാഷണമെഴുതൽ

→ സംയുക്ത വായന രക്ഷിതാവ് കുറച്ച് ഭാഗം കുട്ടി കുറച്ച് ഭാഗം എന്നിങ്ങനെ ഇടവിട്ട് വായിക്കൽ.

→ വായിച്ച പുസ്തകം ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കൽ.

→ കഥയിലെ കഥാപാത്രത്തെ ഇഷ്ടപ്പെടാനുള്ള കാരണം ഗ്രൂപ്പിൽ അവതരിപ്പിക്കൽ

→ സ്വന്തമായ ബാലസാഹിത്യ കൃതികൾ രചിച്ചു അതു പ്രകാശിപ്പിക്കൽ.

നിർമ്മാണ ശില്പശാല

പ്രവർത്തി പരിചയവും ഭാഷയും ഉദ്ഗ്രഥിപ്പിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റായ

ഞാൻ ഷോ ഇൻ ദ ഫെന പാഠത്തോടനുബന്ധിച്ചാണ് നിർമ്മാണ ശില്പശാല നടത്തുന്നത്.

ഉപലക്ഷ്യങ്ങൾ.

1. പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
2. പ്രാദേശികമായി ലഭ്യമായി വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.
3 കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ

1 ക്ലാസ് പി.ടി. എയിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.
2. നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ
3. നിർമ്മാണത്തിന് വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ.
4. നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണത്തിന് ചുമതലപ്പെടുത്തൽ
5. അച്ഛ രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.
6. എല്ലാ കുട്ടികളേയും പ്രകൃതിയിൽ നിന്നും

ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാ
ട്ടങ്ങൾ പരിചയപ്പെടുത്തുകയാണ്. അതിനായ്
കുട്ടികളും രക്ഷിതാക്കളും വേണം.

7. മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിപ്പാട്ടങ്ങളും കുട്ടികൾക്ക് മാതൃക നോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിശീലിക്കണം.
8. നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ (എല്ലാവർക്കും സൗകര്യമുള്ള ദിവസം)
9. ഉദ്ഘാടന ചടങ്ങ്
10. പ്രചരണം (പോസ്റ്റർ നവമാധ്യമങ്ങളിൽ കുറിച്ച്).
11. നിർമ്മാണ ശില്പശാലയിൽ ആർച്ചേ ഇർ റോഷന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം.
12. നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം.
13. കളിപ്പാട്ട നിർമ്മാണ ശില്പശാല സ്കൂൾ ഡയറിയിലെ ഉള്ളടക്കമാകണം.

റീഡേഴ്സ് തിയേറ്റർ.

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിനു പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയേറ്റർ ഒരുക്കുന്നത്. സഹവർത്തിത വായനാ ക്ഷമതകൾ വികസിപ്പിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

ഉദ്ദേശ്യങ്ങൾ

ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.

→ വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്.

പ്രവർത്തനഘട്ടങ്ങൾ.

* ക്ലാസ് പിടിഎയിൽ ചർച്ച ചെയ്യൽ
* റീഡേഴ്സ് തിയേറ്റർ ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം.
* ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരി

അവതരിപ്പിക്കുന്ന രീതി. (സ്ക്രിപ്റ്റ് ഉണ്ടാക്കുന്ന
രചനയിലൂടെ രൂപപ്പെടുത്തും.

* കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതൽ ഉള്ള കഥകൾ തെരഞ്ഞെടുക്കാൻ
* കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കൂട്ടത്തെ തിരുമാനിക്കാൻ
* ഓരോരുത്തരും കഥാപാത്രങ്ങളെ തെരഞ്ഞെടുക്കാൻ.
* കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കാൻ (അത് എഴുതി തയ്യാറാക്കാം. കഥയിലുള്ളത് അതുപോലെയോ അതേ ആശയം ഉൾക്കൊള്ളുന്ന രീതിയിലോ.
* ആരാണ് അവതാരകൻ എന്നു തിരുമാനിക്കാൻ.
* അവതാരകൻ എന്നു തിരുമാനിക്കാൻ

റിഹേഴ്സൽ ചെയ്യൽ.

വായിക്കേണ്ട ക്രമം തിരുമാനിക്കാൻ.

വേദിയിൽ അവതരണം.
റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടു

ഗണിതം.

ഉദ്ദേശ്യങ്ങൾ

1. ഗണിതപഠനം കുട്ടികൾ രസകരമാക്കുന്നതിനും
ഗണിതം ആസ്വദിക്കുന്നതിന്.
2. ചിന്താശേഷി പരിപോഷിപ്പിക്കുന്നതിന്.
3. സംഖ്യകളുടെ ഗണിതക്രിയകൾ ചെയ്യുന്നതിനും
താരതമ്യം ചെയ്യുന്നതിനും ഉള്ള
കഴിവ് കുട്ടികളിൽ വളർത്തുന്നു.
4. സങ്കലനം, ഗുണനം, വ്യവകലനം,
ഹരണം എന്നിവ [illegible]
[illegible]
[illegible].

പ്രവർത്തന വിശദാംശങ്ങൾ.

ഗണിത കേളികൾ.
മഞ്ചാടി സഞ്ചി.
[illegible].

ഗണിത കേളികൾ.

ക്ലാസ് റൂമിൽ കുട്ടികൾക്കായി [illegible] ഗണിത കേളികൾ നടത്തുന്നു. ഇതുവഴി ഗണിത കേളിക്ക് [illegible] എല്ലാ കുട്ടികളുടേയും [illegible] [illegible]

ഗണിത കേളികൾ

* രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാകുട്ടികൾക്കും മഞ്ചാടി സഞ്ചി.
* മഞ്ചാടി സഞ്ചിയുടെ ഉപയോഗം പ്രാധാന്യം ഇവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
* മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ രക്ഷിതാക്കൾക്കും കുട്ടികൾക്കും നിർദ്ദേശം നൽകുന്നു.
* മഞ്ചാടി സഞ്ചി ജൂൺ മാസം നടപ്പിലാക്കുന്നു.

ജൂൺ മുതൽ മാർച്ച് വരെ.

എന്റെ കുഞ്ഞു പുസ്തകം.

എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞുപുസ്തകം നിർമ്മിക്കുന്നു. ഫലപ്രദമായി ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുന്നു. ജൂൺ മുതൽ മാർച്ച് വരെ.

എന്റെ കുഞ്ഞു പുസ്തകം.

എല്ലാ കുട്ടികൾക്കും എന്റെ കുഞ്ഞുപുസ്തകം നിർമ്മിക്കുന്നു.

# പരിസര പഠനം

## ഉപലക്ഷ്യങ്ങൾ

1. കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക
2. തന്റെ പരിസരവുമായി ഇഴുകിച്ചേർന്നു പഠിക്കുന്നതിനു
3. കുട്ടികൾ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു
4. ശാസ്ത്ര ബോധം വളർത്തിയെടുക്കൽ

## പ്രവർത്തന ഘട്ടങ്ങൾ

* പ്രകൃതി നടത്തം, നിരീക്ഷണങ്ങൾ (മരങ്ങൾ, പൂക്കൾ, ചെടികൾ, പക്ഷികൾ
* ആൽബം നിർമ്മാണം (പക്ഷികൾ, തൂവലുകൾ, പൂക്കൾ
* പഴങ്ങൾ പിക്ചർ ശേഖരണം, ശാസ്ത്രപതിപ്പുകൾ
* പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ
* അടുക്കളത്തോട്ട നിർമ്മാണം

# English

## Sub objectives

1. All learners get interested in English learning
2. All engage in games and group level activities.
3. Listen to narratives & teacher talks and show signs of understanding verbally.
4. Able to comprehend the instructions of the teacher and respond accordingly (physical responses)
5. Familiarise with English words denoting vehicles, animals and birds.
6. All learners are able to associate the elicited text with those in the text ~~book~~ book.
7. familiarise with words denoting possession (has / have)
8. Familiarise with phatic Communication

expressions such as,

9. Hello, I'm sorry, Thank you etc.

10. Able to describe familiar objects orally Starting physical attributes such as size, Colour etc.

11. familiarise with words denoting colours and numbers (1-10)

12. Familiarise with the rhythem and pattern of Songs.

13. Abe to add own lines to a given song by substituting words/phrases

14. Able to read conversations, songs & Simple descriptions graphically

15 Construct dialogues related to specific Contexts using fragmentary expressions or mixed with the mother tongue.

മലയാളം CLASS : രണ്ട്

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സിലെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികൾക്ക് ശേഷി വികാസങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സർവതോമുഖമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാവിഷയത്തിലും നൈപുണി നേടി ഒരു നല്ലവിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാതലത്തിലും മികവുറ്റവരായി തീരണം. ഇതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

★ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

★ രണ്ടാംക്ലാസിലെ എല്ലാകുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.

★ ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യു (കവിതാ പൂരണം)

★ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാ

★ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടു വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

## മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാതലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു. നിലവിലുള്ള ജ്ഞാനം, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാമാസവും പിന്നോക്കകുട്ടിക്ക് ലക്ഷ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രധാന അക്കാദമിക ലക്ഷ്യങ്ങൾ

- ഭാഷയോട് താത്പര്യവും ആസ്വാദനവും വളർത്തുക
- വായന, രചന, സംവാദശേഷി വികസിപ്പിക്കുക
- പരിസ്ഥിതി ബോധം, കൂട്ടായ്മ, സാമൂഹിക മൂല്യങ്ങൾ ഉൾക്കൊള്ളുക
- കലാപരവും സൃഷ്ടിപരവുമായ കഴിവുകൾ പ്രകടിപ്പിക്കാനവസരം നൽകുക.

## ശ്രദ്ധിക്കേണ്ടവ

- ഓരോ മാസവും കുട്ടികളുടെ സമ്മതം, അവബോധം, കഴിവുകൾ എന്നിവ വിലയിരുത്തി തുടർനിരീക്ഷണം നടത്തുക
- പഠനത്തിനൊപ്പം കളിയും കലാപരമായ പ്രവർത്തനങ്ങളും ഉൾപ്പെടുത്തുക
- പുതുമയുള്ള പഠനസാമഗ്രികൾ ഉപയോഗപ്പെടുത്തുക (കഥാപുസ്തകങ്ങൾ, വീഡിയോ, റോൾ പ്ലേ എന്നിവ)

# ഗണിതം

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം' പദ്ധതിയും മുന്നോട്ടുവെക്കുന്നത്. അതോടൊപ്പം പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെ വേണം പഠിക്കേണ്ടത് എന്നതിന് ഒരു മാതൃക സമീപനമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. ഗണിത പ്രവർത്തനത്തിലൂടെ, തത്ഫലമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക എന്ന ലക്ഷ്യം തന്നെയാണ് മുന്നോട്ടുവയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിവയുമുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പാക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100-ന് താഴെ)
- ഒരു സംഖ്യയോട് മറ്റൊരുസംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാം.
- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

പരിസര പഠനം — Class VI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | |
|---|---|---|---|
| • ശാസ്ത്ര കൗതുകം വളർത്താൻ ഉതകുംവിധം ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ സ്വയം തയ്യാറാക്കുകയും ചെയ്യൽ | ക്ലാസിനനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ കോർത്തിണക്കിയുള്ള പഠനതന്ത്രം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG |
| • ശാസ്ത്രീയ ബോധം, ശാസ്ത്ര മനോഭാവം ഇവ വളർത്തുന്നതിനായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തൽ | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്നതരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG CPT |
| ശാസ്ത്ര പ്രക്രിയ ശേഷികൾക്കുതകും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനാവശ്യമായ പരിശീലനത്തിന് തയ്യാറാക്കുന്നു. | ലക്ഷ്യം നേടുന്നതുവരെ | ക്ലാസ് ടീച്ചർ SRG |

## ഗണിതം ക്ലാസ് 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമത... |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല സങ്കരമായി ഗണിതപഠനവും നിർമാണപ്രവർത്തനങ്ങളുടെ അനുഭവങ്ങളും ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SR... PT... |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG, ക്ലാസ് ... |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതികണക്കുകൾ, ഗണിത പ്രതിഭകൾ പരിചയപ്പെടൽ. | ആഴ്ചയിൽ ഒന്ന് | SRG ക്ലാസ്സ്... |

മേഖല : അക്കാദമികം

CLASS : III

2025-

ഉപമേഖല : ഇംഗ്ലീഷ്.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| വായന - അർത്ഥമറിഞ്ഞും ഒഴുക്കോടെയും. | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | HM, SRG കൺവീനർ, ടീച്ചേഴ്സ്. |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന്. | HM, ടീച്ചേഴ്സ് |
| | ബാലപ്രസിദ്ധീകരണങ്ങളുടെ വായന. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. |

മലയാളം - ക്ലാസ്-4 (ഗുണമേന്മ മലയാളം (ഭാഷാ പഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സഹായം |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA |
| വായനാശേഷി വളർത്തൽ | വായിക്കാം വളരാം<br>ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം<br>വായനാ കുറിപ്പ്, ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ<br>CPTA | PTA |
| എഴുത്ത് പരിപോഷിപ്പിക്കൽ | എഴുതാം തെളിയാം<br>പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | PTA |
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | എഴുത്തുകാരുമായി സംവദിക്കൽ<br>സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| അറിവ് ലോകത്തിന്റെറിയിലേക്ക് | കണ്ടറിയാം, കേട്ടറിയാം . . . | ആവശ്യാനു | ക്ലാസ് | PTA |